ഇറയം റിസർച്ച് ജേർണൽ
Volume IV Issue 3

# പ്രതിരോധം സമകാലീന ഒമാനി കവിതകളിൽ

–അപർണ എം

ലോകത്താകെ രാഷ്ട്രീയ ,സാമൂഹിക ,പാരിസ്ഥിതിക മേഖലകളിൽ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കയാണ് .കൂട്ടപ്പലായനങ്ങളുടെയും ,അന്യവത്കരണത്തിൻറെയും മുറിവുകൾ ആഗോളജനത പേറുന്നു ,സാഹിത്യം ഈ വിങ്ങലുകളുൾക്കൊണ്ടുകൊണ്ട് ഇവയ്ക്കെതിരെ ഏറ്റവും സൗന്ദര്യാത്മകമായ സമരവും നടത്തിക്കൊണ്ടിരിക്കുന്നു .

അറേബ്യാ ,ആഫ്രിക്ക ,മധ്യപൗരസ്ത്യ പ്രദേശങ്ങളിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലെ നിത്യോപയോഗ മാധ്യമമാണ് അറബിഭാഷ ,അറബിയിൽ കാര്യമായ സംഭാവനകൾ നടത്തിയിട്ടുള്ള ,സർഗാത്മകതയുടെ നിലത്ത് ക്രിയാത്മകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഒമാൻ .ആദ്യകാലത്ത് 'മസ്ക്കറ്റ് വ ഒമാൻ ' എന്ന പേരിലറിയപ്പെട്ടിരുന്ന ഈ രാജ്യം വളരെയേറെക്കാലം വിവിധ അധിനിവേശശക്തികൾക്ക് കീഴിലായിരുന്നു .യു എ ഇ യുടെ വടക്ക് കിഴക്കേയറ്റം ഇടയിൽ വരുന്നതിനാൽ രണ്ടായിമുറിക്കപ്പെട്ട നിലയിലുള്ള ഒമാനിലെ അഞ്ചിൽ നാലുഭാഗവും മനുഷ്യവാസം ദുഷ്കരമാക്കുന്ന മരുഭൂമിയും ബാക്കി പ്രദേശങ്ങളിൽ ഭൂരിഭാഗവും പർവ്വതങ്ങളും പീഠഭൂമികളുമപഹരിക്കുന്ന നിലയിലുമാണ് .കച്ചവടകേന്ദ്രമെന്നനിലയിലും ,കരുത്തുറ്റ നാവികശക്തിയുടെ പേരിലും ആദ്യകാലം മുതൽക്കുതന്നെ ഒമാനൊരു ശ്രദ്ധാകേന്ദ്രമായി മാറി .റോം ,പേർഷ്യ ,പോർട്ടുഗീസ് ,ഇംഗ്ലണ്ട് തുടങ്ങിയ അധിനിവേശശക്തികളും തദ്ദേശീയരായ നിസാരി ഗോത്രക്കാരും, യമനി ഗോത്രക്കാരും നടത്തിയ പരസ്പര യുദ്ധങ്ങളും ,രാജ്യാധികാരത്തിനായുള്ള വടംവലികളും ഒമാനിലെ രാഷ്ട്രീയ ,സാമൂഹിക സ്ഥിതികളെ സ്വാധീനിച്ചിട്ടുണ്ട്, ഒമാനെക്കുറിച്ച് ചരിത്രത്തിലിങ്ങനെയെല്ലാമെഴുതിത്തുടങ്ങാം, പക്ഷേ അതിനേക്കാൾ പ്രധാനമാണ് എഴുത്തിലൂടെ ഒമാൻ നടത്തുന്ന പ്രതിരോധങ്ങളും, ചെറുത്തുനിൽപ്പുകളും. സമൂഹത്തിലെ കാതലായ പ്രശ്നങ്ങളെ ചർച്ചചെയ്യുന്നതും ,കൃത്യമായ ഇടപെടലുകൾ നടത്തുന്നതുമായൊരു മേഖലയാണ് ഒമാനി കവിതകളുടെ ലോകം .പുതുകവിതകൾ വിയോജിപ്പിൻ്റെയും പ്രധിരോധത്തിന്റെയും രാഷ്ട്രീയം പ്രകടമയാവതരിപ്പിക്കുന്നു . ഇന്ന് സജീവമായി എഴുത്തുതുടരുന്ന കവികളെയും കവിതകളെയും പരിശോധിക്കുമ്പോൾ ഒമാനി കവിതകളുടെ ചെറുത്തുനിൽപ്പിന്റെ പുതിയ സമവാക്യങ്ങൾ നമുക്ക് മനസിലാക്കാം .

എഴുത്തിലൂടെ ഒമാൻ കലഹിക്കുകയാണ് ,പൂർവ പരമ്പരകളെ മുഴുവൻ

സാഹിത്യത്തിലും സംഗീതത്തിലും അവർ കൊണ്ടുനടക്കുന്നു .നീണ്ടകാലം വിവിധ അധിനിവേശ ശക്തികളിൽ നിന്നേറ്റ പരിക്കുകൾ ഇന്നുമവരിലുണ്ട്. പരമ്പരാഗത സൽത്തനത്ത് ഭരണമിന്നും തുടരുന്ന ഒരു രാജ്യമാണ് ഒമാൻ, അത്തരമൊരു ഭരണകൂടം നടത്തുന്ന കൈകടത്തലുകൾക്കെതിരെയുള്ള പ്രതിഷേധങ്ങൾ ഒമാനിൻ്റെ കവിതയിലുണ്ട്. ഭാഷയ്ക്കും നിലനിൽപ്പിനുമെതിരെയുണ്ടാകുന്ന ഇടപെടലുകൾ ഒരു ജനതയെ ഇരകളാക്കി തീർക്കുന്നു, പിന്നീട് ആ അബോധത്തിൽ നിന്ന് പ്രതികരിക്കാനും പ്രതിരോധിക്കാനുമുള്ള ഊർജം നിർമ്മിക്കപ്പെടുന്നു പ്രത്യേകിച്ച് സാഹിത്യത്തിൽ .ആദ്യമാദ്യം വിദേശ ശക്തികൾക്കെതിരായിട്ടാണെങ്കിൽ പിന്നീടത് ഭരണകൂടത്തിനും, ഏതുവിധം അധികാര പ്രയോഗങ്ങൾക്കുമെതിരാവുന്നു ,കാലാനുസൃതമായി ഒമാനിൽ നിന്നുള്ള കവിതകളുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുന്നു.

ബ്രിട്ടീഷ് അധിനിവേശകാലത്ത് ഈജിപ്തിലേക്ക് പാലായനം ചെയ്യേണ്ടിവന്ന എഴുത്തുകാരനാണ് 'അബ്ദുല്ല അൽ റയാമി '. ക്ലാസിക് അറബ് കവിതയുടെ മുഖമുദ്രയായിക്കരുതിപ്പോന്ന ഗാനപരതയും,രൂപകങ്ങളും റയാമി തുടക്കത്തിലേ ഉപേക്ഷിച്ച എന്നാലതേസമയം പൂർവ്വികരേക്കുറിച്ചുള്ള ഓർമ്മകളിൽനിന്ന് എഴുത്തുകാരൻ മോചിതനാകുന്നുമില്ല." ഇനി ജന്മം കൊടുക്കരുത് / പ്ലീസ് ഡു നോട്ട് ഗിവ് ബേർത്ത് " എന്ന കവിതയിലെ വരികൾ നോക്കൂ

"ഞാൻ ജനിച്ചദിവസം ഒരാളും
പ്രവചിച്ചില്ല,
ഞാൻ കുടിച്ച മുലകൾ
അധിനിവേശത്തിൻ്റെ
ഓർമ്മക്കുറവുകൊണ്ടെന്നെപ്പോറ്റി
..................................
എവിടെയാണ് ഞാനിനിയൊ -
രിടം കണ്ടെത്തുക?
എവിടെ ഞാനിനി വാക്കിടറിവീഴും?"

വളരേ തീവ്രതയുള്ള വരികളാണിവ. അധിനിവേശത്തിൻ്റെ ഓർമ്മക്കുറവുകൊണ്ട് മുലയൂട്ടപ്പെട്ട, ലോകത്തെയറിഞ്ഞ ഒരാളുടെ ചിത്രത്തിന് മൂർച്ചയുണ്ട്. സ്വന്തം മണ്ണിൽ നിന്ന് തീർത്തുമപരിചിതമായ

മറ്റൊരിടത്തേക്ക് പറിച്ചുനടപ്പെട്ട ,അന്യവത്ക്കരിക്കപ്പെട്ട ഒരു മനുഷ്യൻ്റെ അന്ത:ക്ഷോഭമാകെ ഈ കവിതയിലുണ്ട്

ഇതേ കവിതയിലെ മറ്റു ചിലവരികൾ

"ഇന്നുഞാനെൻ്റെ

നിഴലിലിടയിരിക്കുന്ന ,

പാഞ്ഞെത്തുന്ന തീവണ്ടികളിൽ -

നിന്നതിനെ രക്ഷിക്കാൻ

എനിക്കുമുൻപുള്ളവരേന്തിയപോലെ

നെഞ്ചിലൊരു കുന്തമേന്തുന്നു"

തൻ്റെ നാടിൻ്റെ ചരിത്രത്തെ , താൻ ജീവിക്കുന്ന വർത്തമാനത്തെ സംരക്ഷിക്കാൻ നെഞ്ചിൽ കുന്തമേന്തി കാവൽ നിൽക്കയാണ് കവി. ഇത്തരത്തിലൊരു ചിത്രം കടമ്മനിട്ടയുടെ കാട്ടാളനിൽ നാം കണ്ടിട്ടുണ്ട്, തൻ്റെ വംശമുൾപ്പെടെ, സ്വന്തമായതെല്ലാം നഷ്ടമായ ,ഐഡൻ്റിക്കൽ ക്രൈസിസ് അനുഭവിക്കുന്ന മനുഷ്യൻ്റെ ചിത്രം കൂടിയാണിത്.

ശക്തമായ സ്ത്രീപക്ഷ കവിതകളും ഒമാൻ സാഹിത്യത്തിലുണ്ട്. ആണധികാരക്കോയ്മയ്ക്കു താഴെ സ്ത്രീ രണ്ടാംതരമായി ചിത്രീകരിക്കപ്പെടുന്നതിൻ്റെ ദു:ഖം വെറുതേ പങ്കുവയ്ക്കുകയല്ലയിവിടെ, മറിച്ച് ഒമാനി സ്ത്രീപക്ഷ കവിതകളിലൊരു "ലോകവനിതയുണ്ട്", വ്യത്യസ്തരായ സ്ത്രീകളെ അറിയുന്ന ,ഉൾക്കൊള്ളുന്ന ഒരു സ്ത്രീ സങ്കൽപ്പം, അവരെയാകെ അഭിസംബോധന ചെയ്തുകൊണ്ട്, ചില പൊളിച്ചെഴുത്തുകളാണ് ഇവിടെക്കാണാവുന്നത്.ഇക്കൂട്ടത്തിലേറ്റവും ശ്രദ്ധേയമാണ് സാമൂഹിക പ്രവർത്തക കൂടിയായ "നസ്റ അദാവി"യുടെ കവിതകൾ.

"പ്രിയ രാഘവാ ! വന്ദനം ഭവാ-

നയരുന്ന ഭുജശാഖ വിട്ടു ഞാൻ "

എന്നുപറഞ്ഞ് എല്ലാ ബന്ധനങ്ങളും വിട്ടൊഴിഞ്ഞ് സ്വതന്ത്ര്യയാകുന്ന 'ആശാൻ്റെ സീത' നമുക്ക് ചിരപരിചിതയാണ്.

നസ്റയുടെ " എ വുമൺ ലൈക്ക്മി " എന്ന കവിതയിലിങ്ങനെയെഴുതുന്നു ,

" എനിക്കു കരുത്തുണ്ട്

ആകാശത്തെത്തൊടാൻ,

അതിനെനിക്ക് ചിറകുകളുടെ

ആവശ്യമേയില്ല"

എന്തൊരു പ്രഖ്യാപനമാണത്, തങ്ങളെ സംരക്ഷിച്ചുകൊണ്ട് മറ്റൊരു കൈകളുടെ കരുതലുണ്ടാവേണ്ടതില്ലെന്ന, മാനസികമോ, ശാരീരികമോ ആയ അത്തരം അടിമത്തങ്ങളിൽ നിന്നൊക്കെ പുറത്തുചാടിക്കൊണ്ട് , ഞാൻ അല്ലെങ്കിൽ ഒരു സ്ത്രീ സ്വയം കരുത്തയാണെന്ന ധീരമായ പ്രകടനമാണത്.

"തോൽവിക്കാകട്ടെ

എൻ്റെ തലച്ചോറിനകത്ത്

നിർവ്വചനവുമില്ല" എന്നു പറഞ്ഞുകൊണ്ട് കവിത തുടരുകയാണ്, തങ്ങൾ രണ്ടാംതരമാണെന്നു കണക്കാക്കുന്ന മനോഭാവത്തിനെതിരായുള്ള വെല്ലുവിളിയാകുന്നു ഒമാനിലെ പെൺകവിതകൾ.

സ്ത്രീകളെക്കുറിച്ചുള്ള അറബ് സങ്കൽപ്പം കാണാൻ 'മുഹമ്മദ്ദലിയയത്തിലെ ' ഇമൈമ " എന്ന കവിതാ ശകലം നോക്കാം.

"' സലജ്ജം മുഖമാവരണം ചെയ്തു

'............................................

സമതുലിതമായ പദചലനത്തിലൂടെ

ശാന്തയായ് അവൾ കാണപ്പെട്ടു

ഒരു വശത്തേക്കും തിരിയുന്നതില്ല"

(പുറം 82; അറബി സാഹിത്യ ചരിത്രം, മുഹമ്മദ് കുഞ്ഞി പി കെ )

ഇക്കാണുന്നതുപോലെ സർവംസഹയായ ഒരു സ്ത്രീയെ നസ്റ അദാവിയുടെ കവിതകളിൽ നാം കാണുകയില്ല, ഈ കവിതകൾ പുരുഷകേന്ദ്രീകൃതമായ, ലിംഗസമത്വമില്ലാത്ത എല്ലാ വ്യവസ്ഥകളോടും ശബ്ദമുയർത്തുന്നു.

'മൈ ആഫ്രിക്കൻ ലേഡി' എന്ന മറ്റൊരു കവിതയിൽ

"എൻ്റെ ആഫ്രിക്കൻ വനിതേ

ഞാൻ നിന്നെ

ഒരേയൊരു നോട്ടത്തിലറിയുന്നു"

എന്നവർ പറയുന്നുണ്ട്. കറുത്തയായ ഒരു സ്ത്രീയോട് തനിക്കുള്ള ആരാധനമുഴുവൻ എഴുത്തുകാരി ഈ കവിതയിലവതരിപ്പിക്കുന്നു.

ഒമാനിൽ നിന്നുള്ള പെൺകവിതകൾ, അതിൻ്റെ പരിസരങ്ങളിൽ മാത്രമൊതുങ്ങുന്നവയല്ല, അരികുവത്ക്കരിക്കപ്പെടുന്ന സ്ത്രീസമൂഹത്തെ ഉണർത്തി താന്താങ്ങളുടെ കരുത്തോർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കയാണവ.

നസ്റയുടെ "മോറൽ ടൈംസ് "എന്ന കവിത ,സമൂഹത്തെ പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ടുള്ള ചോദ്യം ചെയ്യലാണ്. ജീവിതം എത്രമാത്രം നിസ്സാരവും കാപട്യം നിറഞ്ഞതുമാണെന്നവരിവിടെ തുറന്നെഴുതുന്നു. സ്വന്തം ധർമ്മബോധത്തേ സംരക്ഷിക്കാനറിയാത്ത നമ്മളാണ് ധാർമ്മികതയുടെ പാതയിലേക്ക് കുഞ്ഞുങ്ങളെ നയിക്കാൻ അശാസ്ത്രീയമായ ശ്രമം നടത്തുന്നത്.

"ജീവിതം കാമത്താലും

നുണകളാലും പൊതിഞ്ഞത്,

സ്വന്തം ആത്മാവിനെ ഉപേക്ഷിച്ച

നമ്മൾ,

കുഞ്ഞുങ്ങളെ നല്ല വഴി പഠിപ്പിക്കുന്നു.

നമ്മൾ തോറ്റുപോയവരും.

നമ്മുടെ വഴികളാകട്ടെ

പാപങ്ങളുടേതാണ്

നിറയെ വഞ്ചനകൾ

നമ്മളീ ചങ്ങല തുടർന്നുകൊണ്ടേയിരിക്കും."

സ്വന്തം സ്വത്വത്തെ ഉപേക്ഷിക്കുന്ന മനുഷ്യർ , കള്ളം മാത്രമായ ജീവിതത്തിൻ്റെ കാവൽക്കാരാണെന്നും നസ്റ ഓർമ്മിപ്പിക്കുന്നു. ഫാസിസ്റ്റ് ഭരണകൂടത്തിനും, പുരുഷകേന്ദ്രീകൃത സമൂഹത്തിനും കീഴിൽ ചിറകറ്റുപോകുന്ന സ്ത്രീകൾക്കിടയിൽ നിന്നുള്ള പ്രതിരോധത്തിൻ്റെ ശബ്ദമായി നമുക്ക് നസ്റയെ വായിക്കാം.

പരസ്പരം വിഘടിക്കാനുള്ള പുതിയ വഴികളാണ് മനുഷ്യരിന്ന് കൂടുതലായന്വേഷിക്കുന്നത്, അതിർത്തി യുദ്ധങ്ങളായും ,ആഭ്യന്തരകലാപങ്ങളായും, കൊലവിളികളായും ,പരസ്പര വെറിയായും അതിൻ്റെ ദൃശ്യങ്ങൾ നാം ദിനവും കണ്ടുകൊണ്ടിരിക്കുന്നു. മതങ്ങളും ,ഗോത്രങ്ങളും പലർക്കുമിന്ന് മനുഷ്യത്വരഹിതമായ ചെയ്തികൾക്കുള്ള മറയാണ് ,ഇവയുടെയെല്ലാം കയ്പ്പുകുടിക്കുന്നുണ്ട് സമകാലീന ഒമാനി കവിതകൾ, മനുഷ്യത്വത്തിൻ്റെ അർത്ഥം മനസ്സിലാക്കാനും ,മനുഷ്യരെല്ലാമൊന്നാണെന്ന ബോധ്യം ലോകജനതയ്ക്കുണ്ടാകാനും കവിതകളിലൂടൊരു വിളിച്ചുണർത്തലിന് കാര്യമായ ശ്രമമെഴുത്തുകാരിൽനിന്നുണ്ടാകുന്നുണ്ട്. അത് വളരേ പ്രധാനവുമാണ്.

'ചിൽഡ്രൻ ഓഫ് വാർ, ഹ്യൂമാനിറ്റി, മൈ ഹോം എലോൺ തുടങ്ങിയ കവിതാ സമാഹാരങ്ങളിലൂടെ പ്രസിദ്ധനായ 'ഖൽസ ഖലീഫ ' എന്ന ഒമാനി എഴുത്തുകാരൻ്റെ ' മൈ ഡ്രീം' എന്ന കവിതയിൽ മനോഹരമായ ചില വരികളുണ്ട്.

"മനുഷ്യൻ,അതെത്ര

സുന്ദരമായ പദമാണ്!

അതാണെന്നേക്കൊണ്ട്

സംസാരിപ്പിക്കുന്നത്,

അതിലാണ് നമ്മളന്യോന്യം

ചേർന്നു നിൽക്കുന്നത് "

നാം ചിരിക്കുകയും, കരയുകയും, വീഴുകയും വീണ്ടുമെഴുന്നേൽക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു, കാരണം നമ്മളെല്ലാം മനുഷ്യരാണ് എന്നദ്ദേഹം തുടർന്നെഴുതുന്നുണ്ട്, പരസ്പരമാക്രമിക്കുന്ന മനുഷ്യർക്കുമുൻപിൽ ബദലായവതരിപ്പിക്കാൻ ഇതിലും നല്ലൊരു 'സ്വപ്നം' മറ്റൊന്നുകാണില്ല.

ഖൽസ ഖലീഫയുടെതന്നെ 'ചിൽഡ്രൻ ഓഫ് വാർ' എന്ന കവിത കുറേക്കൂടെ തീവ്രമായ മറ്റൊരുചിത്രമവതരിപ്പിക്കുന്നു. ഏതു യുദ്ധത്തിലും, ഏതു സംഘർഷത്തിലും തീരാനഷ്ടമനുഭവിക്കുന്ന ഒരു വിഭാഗം കുട്ടികളാണ്, അവർക്കതിൽ തങ്ങളുടെ ഭൂത-ഭാവി -വർത്തമാനങ്ങൾ വിലകൊടുക്കേണ്ടി വന്നേക്കാം.' വളർച്ച പ്രാപിച്ച 'ഒരു മനുഷ്യനിൽ അവനോടൊപ്പം വളരാനിടയുള്ള ക്രൂരതകൾ ഒരിക്കലും ഒരു കുഞ്ഞിലുണ്ടാകാനിടയില്ലെന്നു പറയുന്ന കവി, തെറ്റെന്തെന്നറിയാത്ത കുഞ്ഞുങ്ങൾ നിങ്ങളുടെ കളിക്കോപ്പുകളല്ലെന്ന് ക്ഷോഭിക്കുന്നു. കവിതയവസാനിക്കുമ്പോൾ ഒരു താക്കീതുനൽകാനും എഴുത്തുകാരൻ മറക്കുന്നില്ല

" ഞങ്ങളുമന്വേഷിക്കുന്നത്

സമാധാനമാണ്,

പക്ഷേ ഞങ്ങളുറക്കെപ്പറയുന്നു

മാർഗ്ഗമിതല്ല !"

മനുഷ്യത്വരാഹിത്യത്തോട്, 'അന്ധത 'യോട് കവിതയിലൂടെയദ്ദേഹം സന്ധിയില്ലാ സമരം ചെയ്യുന്നു.

ആകെ മനുഷ്യരിൽ നല്ലൊരുവിഭാഗം ,ഭക്ഷണത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കോ അവസരമില്ലാതെ വലയുമ്പോൾ, മറ്റൊരു വലിയ വിഭാഗത്തിന് പരസ്പരം വെറുക്കാനുള്ള കാരണങ്ങൾ, മതമുൾപ്പെടെ പലതുമാകുന്ന അവസ്ഥയെ ഖൽസ ഖലീഫ പരിഹസിക്കുന്നുണ്ട്. 'ഹ്യൂമാനിറ്റി' എന്ന കവിതയിലിതുകാണാം

"ചിലർ വെറുപ്പിൽ

പരസ്പരം കൊന്നുതീരും

ചിലർ വിശന്നു വിശന്നു മരിക്കും

ഇതൊന്നുമല്ലാതെ,

മണ്ടത്തരങ്ങൾക്കായിച്ചിലർ

യുദ്ധം തുടങ്ങും..."

എല്ലാമനുഷ്യരും ആത്മാവുള്ളവരാണെന്നും ,നമ്മളൊന്നാണെന്നും വലിയ വേദനയോടെ ഓർമ്മിപ്പിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് കവിതയവസാനിക്കുന്നത്. കറുത്തവനോ വെളുത്തവനോ ആകട്ടെ, മനുഷ്യരെന്ന വിശാലമായ പദംകൊണ്ട് കവി സകലരേയും കൂടെ നിർത്തുന്നു.

'വി ഹാവ് ഫോർഗട്ടൺ' എന്ന കവിതയിൽ നസ്റ ഉയർത്തുന്ന ഒരു ചോദ്യമുണ്ട്,

" കൈകളിൽ

രക്തക്കറയുണ്ടെന്ന കാര്യം

നിങ്ങൾ മറന്നുവോ?"

കവിതയുടെ ശബ്ദമിവിടെ കുറേക്കൂടെ കനത്തതാണ് , ഈ വരികളിലൊരു സ്വയം വിമർശനവും സമൂഹത്തെ വിമർശിക്കലുംകൂടിയുണ്ട്.

തുറന്ന മനസ്സോടുകൂടെ കാലത്തെ നോക്കിക്കാണുകയും മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന കവിതകളാണ് ഒമാനിലേത്, പൂർവ്വപാരമ്പര്യത്തേയും, ദേശീയതയേയും അവ കൈവിടുന്നില്ല അതേസമയം അവ പുതിയ കാലത്തെ രാഷ്ട്രീയ സമസ്യകളിൽ ഇടപെടലുകൾ നടത്തുന്നുമുണ്ട്. സാഹിത്യം എതിർപ്പുകളും കൂടിയാണ്, ഒമാനി കവിതകൾ ജനതയ്ക്ക് മുകളിലുള്ള എല്ലാതരം അധിനിവേശങ്ങളേയും ചെറുക്കുന്നു. താരതമ്യേന ശാന്തമാണ് ഒമാനിലെ നിലവിലെ അന്തരീക്ഷമെന്നിരിക്കിലും അധികാരത്തിനു കീഴിൽ നിർമ്മിതമാകുന്ന അസ്വസ്ഥതകൾക്കെതിരെയുള്ള ശബ്ദമാണ് ഈ കവിതകൾ. സകല മനുഷ്യരേയും ചേർത്തുനിർത്താനും, അവർക്കുകൂടിവേണ്ടി സംസാരിക്കാനും അവയ്ക്ക് സാധിക്കുന്നുവെന്ന് കാണാം.

വർത്തമാനത്തിൽ നിന്നുകൊണ്ട് ഭൂതകാലത്തെ സ്മരിക്കുകയെന്നത് ഒമാൻ എഴുത്തുകാരിലുള്ള പൊതുസ്വഭാവമാണ് ,പൂർവ്വികരുടെ കാലൊച്ചയുടെ മുഴക്കങ്ങൾ തങ്ങളുടെ കാലടികളിൽ കൊണ്ടുനടക്കുകയാണ് എന്ന് 'സ്റ്റെപ്സ്' എന്ന കവിതയിൽ 'അബ്ദുല്ല അൽ റാഹബി ' എന്ന കവി പറയുന്നുണ്ട്.

" ഞാൻ നടക്കുന്നു,

എൻ്റെ കാലിനടിയിൽ

എല്ലാ ഇരകൾക്കുമിടമുള്ള

വിറയ്ക്കുന്ന ആകാശം

എനിക്കു പുറകിൽ

ഒരായിരം കാലൊച്ചകൾ

ഭൂതകാലത്തിൽ നിന്ന്

ഇടിമുഴക്കമുള്ള കാലടികൾ,

അവർ മരിച്ചതുപോലെ കനത്ത മൗനം!"

ഇപ്രകാരമാണ് കവിത. തൻ്റെ മുൻ പരമ്പരകളനുഭവിച്ച ഭീതിജനകമായ അടിമത്തത്തെ മുഴുവൻ ,കാലടികളിലും കവിതകളിലും റാഹബി ചിത്രീകരിക്കുന്നുണ്ട്.

അസ്തിത്വ വ്യഥകൾ , സ്ത്രീവാദം, ദേശീയത, മാനവികത തുടങ്ങി കുറച്ചധികം വിഷയങ്ങൾ ഈ കവിതകൾ കൈകാര്യം ചെയ്യുന്നുണ്ട്, ഇവയ്ക്കൊപ്പം പാരമ്പര്യത്തോടുള്ള അഭിനിവേശത്തെ കൈയ്യൊഴിയാനാകാതെയവർ കൊണ്ടുനടക്കുന്നു. കവിതയിലൂടെ ഒമാൻ നിർമ്മിക്കുന്ന പ്രതിരോധത്തിൻ്റേയും സമന്വയത്തിൻ്റേയും ആന്തരിക പരിസ്ഥിതിയുടെ സ്വഭാവമാണിത്. തങ്ങളുടെ സംസ്കാരത്തെ, ഭാഷയെ ,ലിംഗസമത്വത്തെ , ആത്മാഭിമാനത്തെ തകർക്കുന്ന മനുഷ്യത്വരഹിതമായ എല്ലാതരം അധിനിവേശ ശക്തികൾക്കുമെതിരെ വിട്ടുവീഴ്ച്ചയില്ലാതെ സമകാലീന ഒമാനി കവിതകൾ നാവുയർത്തുന്നു, അതേ കവിതകൾ ഇടമില്ലാതായിപ്പോകുന്ന ലോക മനുഷ്യനെ കൈപിടിച്ച് കൂടെ നിർത്തുന്നു.

റഫറൻസ്

1 - മുഹമ്മദ് കുഞ്ഞി പി കെ ,അറബി സാഹിത്യ ചരിത്രം, 1998, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ

ഓൺലൈൻ  സഹായം

1 - പോയട്രി ട്രാൻസലേഷൻ സെൻ്ററർ

2- പോയം ഹണ്ട്

വിക്കിപ്പീഡിയ

ഒമാൻ പത്രങ്ങൾ